## പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 735 12/12/2012 ൽ മറുപടിക്ക്

### ജെനറിക് മെഡിസിൻ സൌജന്യ വിതരണ പദ്ധതി

ചോദ്യം | മറുപടി

ശ്രീ. സി. ദിവാകരൻ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നവംബർ 1 മുതൽ നടപ്പിലാക്കിയ ജെനറിക് മെഡിസിൻ സൌജന്യവിതരണ പദ്ധതിയിൽ ആവശ്യത്തിന് മരുന്ന് ലഭിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആദായനികുതി അടക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും 2012 നവംബർ 1 മുതൽ സൌജന്യ ജനറിക് മെഡിസിൻ വിതരണം ആരംഭിച്ചു. ആദ്യഘട്ടമെന്ന നിലയിൽ 5 മെഡിക്കൽ കോളേജ് ആശുപത്രികളിലും 3 ജനറൽ ആശുപത്രികളിലുമാണ് ഇത് ആരംഭിച്ചത്. പദ്ധതിക്കാവശ്യമായ മരുന്നുകളുടെ യഥാർത്ഥ അളവും എണ്ണവും കൃത്യമായി കണക്കാക്കി വരുകയാണ്. അടുത്ത സാമ്പത്തിക വർഷത്തോടുകൂടി മാത്രമേ മരുന്നുകളുടെ യഥാർത്ഥ അളവും എണ്ണവും സ്ഥിരീകരിക്കാൻ കഴിയുകയുള്ളൂ. ഈ പദ്ധതി എല്ലാ ആശുപത്രികളിലും ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഏതെല്ലാം ഔഷധങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (ബി) | റാഷണൽ ഡ്രഗ് ലിസ്റ്റിൽ (RDL) നിലവിൽ 314 ഇനം മരുന്നുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആന്റി കാൻസർ വിഭാഗത്തിൽ 107 ഇനം മരുന്നുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻപ് നൽകിവരുന്ന 531 ഇനം (EDL) മരുന്നുകൾക്ക് പുറമേയാണിത്. |
| (സി) | ഏത് ഏജൻസി വഴിയാണ് മരുന്നുകൾ ആശുപത്രികളിൽ എത്തിക്കുന്നത് ? | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് മരുന്നുകൾ ആശുപത്രികളിൽ എത്തിക്കുന്നത് |

സെക്ഷൻ ഓഫീസർ